സ.ഉ.(കൈ) നം.30/2024/HEDN

"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നതവിദ്യാഭ്യാസം - സംസ്ഥാനത്തെ സർവകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിൽ നിയമനം ലഭിച്ചവർക്ക് അനുവദിക്കുന്ന അന്തർ സർവകലാശാലാ സ്ഥലം മാറ്റം - മാർഗ്ഗനിർദ്ദേശങ്ങൾ പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയ്ക്ക് കൂടി ബാധകമാക്കിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.30/2024/HEDN തീയതി,തിരുവനന്തപുരം, 23-01-2024

---

പരാമർശം:- 09.05.2017 തീയതിയിലെ സ.ഉ.(കൈ)നം.123/2017/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സംസ്ഥാനത്തെ സർവകലാശാലകളിലെ അനദ്ധ്യാപക തസ്തികകളായ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകളിൽ നിയമിതരായവർക്ക് പ്രൊബേഷൻ മാനദണ്ഡമാക്കാതെ സർവ്വീസ് സീനിയോറിറ്റിയുടെയും, ഓപ്ഷന്റെയും അടിസ്ഥാനത്തിൽ അന്തർ സർവകലാശാലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് പരാമർശിത ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. സർവകലാശാലകളിലെ ലൈബ്രറി വിഭാഗം തസ്തികയായ പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് പി.എസ്.സി. നിയമനം നടത്തി തുടങ്ങിയ സാഹചര്യത്തിൽ, പ്രസ്തുത ഉത്തരവുപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ടി തസ്തികയ്ക്കു കൂടി ബാധകമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ സർക്കാരിൽ ലഭിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകളിലേയ്ക്ക് നിയമനം ലഭിച്ചവർക്ക് തങ്ങൾക്ക് സൗകര്യപ്രദമായ സർവ്വകലാശാലകളിലേയ്ക്ക് പ്രൊബേഷൻ മാനദണ്ഡമാക്കാതെ സർവ്വീസ് സീനിയോറിട്ടിയുടേയും ഓപ്ഷന്റെയും അടിസ്ഥാനത്തിൽ അന്തർ സർവ്വകലാശാലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് പരാമർശത്തിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ നിർദ്ദേശം സർവകലാശാലകളിലെ ലൈബ്രറി വിഭാഗം തസ്തികയായ പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയ്ക്കു കൂടി ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ.വി.എസ്.
അഡിഷണൽ സെക്രട്ടറി

1. രജിസ്ട്രാർ,
   കേരള / എം.ജി. / കാലിക്കറ്റ് / കണ്ണൂർ/ കൊച്ചി ശാസ്ത്ര-സാങ്കേതിക / ശ്രീ ശങ്കരാചാര്യ

സംസ്കൃത/ തുഞ്ചത്തെഴുത്തച്ഛൻ മലയാള / ന്യുവാൽസ് / എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര / ശ്രീനാരായണഗുരു ഓപ്പൺ / കേരള കാർഷിക / കേരള ആരോഗ്യശാസ്ത്ര / കേരള മത്സ്യബന്ധന സമുദ്രപഠന / കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് — സർവ്വകലാശാലകൾ.

2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
3. ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്
4. മത്സ്യബന്ധന വകുപ്പ്.
5. മൃഗസംരക്ഷണ വകുപ്പ്.
6. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. www.highereducation.kerala.gov.in
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി (B2/82/2022-HEDN)

ഉത്തരവിൻ പ്രകാരം

Signed by
VINODINI A O
Date: 23-01-2024 12:00:15
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-ക്ക്.